കർഷകരെ സഹായിക്കുന്നതിനായി സർക്കാർ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്.

(ഡി) ജില്ലാ കളക്ടർമാരുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പാണ് എണ്ണം കണക്കാക്കുന്നത്.

കണ്ണൂർ ജില്ലയിലെ സ്ഫോടനങ്ങൾ

140 [98] *ശ്രീ. എം. മുരളി:*

,, *എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഈ വർഷം ഇതുവരെ വാസസ്ഥലങ്ങളിൽ എത്ര സ്ഫോടനം ഉണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ എത്ര പേർ മരിക്കുകയും എത്ര പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തു;

(സി) സ്ഫോടനം ഉണ്ടായ വീടുകളിൽ സ്ഫോടകവസ്തുക്കൾ ശേഖരിച്ച് വച്ചിരുന്നുവോ?

ഉത്തരം

(എ) രണ്ടു സ്ഫോടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഒരാൾ മരിക്കുകയും രണ്ടുപേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തു.

(സി) ഒരു കേസ്സിൽ സ്ഫോടക വസ്തുക്കൾ ശേഖരിച്ചു വച്ചിരുന്നു.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ യൂണിഫോമിനോട് സാമ്യമുള്ള യൂണിഫോമും അധികാര ചിഹ്നങ്ങളും ധരിച്ച് ജോലി ചെയ്യുന്നത് തടയാൻ നടപടി

141 [101] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥൻമാരുടെ യൂണിഫോമിനോട് സാമ്യമുള്ള യൂണിഫോമും അധികാര ചിഹ്നങ്ങളും ധരിച്ച് ചില സ്വകാര്യ ഏജൻസികളുടെ സെക്യൂരിറ്റി ഉദ്യോഗസ്ഥൻമാർ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ട്രാഫിക് വാർഡൻമാർ ഉൾപ്പെടെയുള്ള ചില സഹകാര്യ സെക്യൂരിറ്റി ഉദ്യോഗസ്ഥൻമാർ അവരുടെ തൊപ്പിയിൽ അശോകസ്തംഭം അടയാളപ്പെടുത്തിയ മുദ്ര ധരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രാഫിക് വാർഡൻമാരുടെ തൊപ്പിയിൽ അശോകസ്തംഭത്തോടൊപ്പം ടി. ഡബ്ളിയു. എന്നീ അക്ഷരങ്ങൾ സഹിതമുള്ള മുദ്ര ധരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

പോലീസ് സേന കാര്യക്ഷമമാക്കുവാൻ നടപടി

142 [102] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേന കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) 2001 മേയ് മാസത്തിനുശേഷം പോലീസ് സേനയുടെ നവീകരണത്തിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ പോലീസിന് ആയുധങ്ങൾ വാങ്ങാൻ ചെലവഴിച്ച തുക എത്ര എന്നും, ഏതൊക്കെ ആയുധങ്ങളാണ് ഈ കാലയളവിൽ വാങ്ങിയിട്ടുള്ളത് എന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ കാലയളവിൽ തോക്ക്, ലാത്തി, ഗ്രനേഡ്, മുള്ളാണി തറച്ച ലാത്തി, ഇലക്ട്രിക് ബാറ്റൺ, ജലപീരങ്കി, ബാരിക്കേഡ് തുടങ്ങി ഓരോ ഇനങ്ങളിലുമായി എത്രവീതം വാങ്ങി എന്നും ഇതിന് ഓരോന്നിനുമായി ചെലവഴിച്ച തുക എത്ര എന്നും വെളിപ്പെടുത്തുമോ;

(ഇ) പോലീസ് സേനയെ നവീകരിക്കുന്നതിനും പുതിയ ആയുധങ്ങൾ വാങ്ങുന്നതിനുമായി കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(എഫ്) പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പ് നവീകരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) പോലീസിന്റെ ആവശ്യത്തിന് ഈ കാലയളവിൽ എത്ര മോട്ടോർ സൈക്കിൾ, ജീപ്പ്, കാർ, ലോറി, വലിയബസ്സ്, ട്രക്കർ, ആംബുലൻസ്, ക്രെയിൻ തുടങ്ങിയ എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും അവ ഏതൊക്കെ കമ്പനികളുടേതാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly